പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2565 12.6.2018 -ൽ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം. മുകേഷ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഷ്ടമുടിയിലും പുന്നമടയിലും വാട്ടർഡ്രോമുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനു വേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർഡ്രോമുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി, അഷ്ടമുടിയിലും പുന്നമടയിലും സർക്കാർ അക്രഡിറ്റഡ് ഏജൻസി ആയ KITCO വഴി, ആകെ 3,13,10,714 രൂപയാണ് ചെലവായിട്ടുള്ളത്. |
| ബി) | സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ ഉണ്ടായ ആശങ്കകളെകുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി, പ്രസ്തുത പദ്ധതി മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമല്ലെന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | ഉണ്ട്. ഇത് സംബന്ധിച്ച് സർക്കാർ നിയോഗിച്ച വിദഗ്ധസമിതി, ഇപ്പോൾ വിഭാവനം ചെയ്ത പ്രകാരമുള്ള സീപ്ലെയിൻ സർവ്വീസുകൾ ഉൾനാടൻ ജലാശയങ്ങളിലെ ജൈവവ്യവസ്ഥയേയോ മത്സ്യ സമ്പത്തിനേയോ ഒരു തരത്തിലും ബാധിക്കാത്ത രീതിയിൽ ആണെന്ന് വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ വേമ്പനാട്, അഷ്ടമുടി കായലുകളിൽ ജലവിമാന പദ്ധതി ആരംഭിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, ഉൾനാടൻ ജലാശയങ്ങളുടെ വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ ജലവിമാനങ്ങളുടെ ടേക് - ഓഫ്/ ലാന്റിംഗ് എന്നിവയ്ക്ക് വേണ്ടി വളരെ ചെറിയ പ്രദേശം മാത്രമേ ആവശ്യമുള്ളൂ എന്നും ഇവയുടെ ലാന്റിംഗ് / ടെയ്ക്ക് ഓഫ് സമയങ്ങളിൽ ഒരു സാധാരണ സ്പീഡ് ബോട്ട് ഉണ്ടാക്കുന്നതിനേക്കാൾ ചെറിയ അലകൾ മാത്രമേ ഉണ്ടാകുന്നുള്ളൂ എന്നും ഇവ മറ്റ് |

| | | | |
|---|---|---|---|
| | | | മലിനീകരണ പ്രശ്നങ്ങളൊന്നും ഉണ്ടാക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | സി) | സർക്കാർ ഇതുവരെ കൊല്ലത്തും ആലപ്പുഴയിലുമായി ജലവിമാനങ്ങളുടെ ലാന്റിംഗ്/ ടെയ്ക് ഓഫിനായി വാട്ടർഡ്രോമുകൾ ഒരുക്കുകയും സ്വകാര്യ ഓപ്പറേറ്റർമാരെ ആകർഷിക്കുന്നതിനായി വിവിധ സമയങ്ങളിൽ ഏർളി ബേർഡ് ഇൻസെന്റീവുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ സർവ്വീസുകൾ ആരംഭിക്കുവാനായി നിയമപ്രകാരം ആവശ്യമായ എല്ലാ അനുമതികളും ഉള്ള സീപ്ലെയിനുകളുമായി ഓപ്പറേറ്റർമാർ ആരും ഇതുവരെ മുന്നോട്ട് വന്നിട്ടില്ല. ഓപ്പറേറ്റർമാർ വരാത്ത ഈ സാഹചര്യത്തിൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുകയില്ല. അതിനാൽ, ഇതിനായി ഒരുക്കിയിരുന്ന ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി പുനർവിന്യസിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**